പി.എഫ്.ജനറൽ(1)/47999/2015/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 28.07.2015.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -കേരളാ എയ്ഡഡ്- സ്ക്കൂൾ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ (കെ.എ.എസ്.ഇ.പി.എഫ്) നിന്നും തൽക്കാലിക/തിരിച്ചടയ്ക്കേണ്ടാത്ത വായ്പ അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 10/06/2015 -ലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നോട്ട് ഓർഡർ

സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകളിലെ ജീവനക്കാർക്ക് കെ.എ.എസ്.ഇ.പി.എഫിൽ നിന്നും തൽക്കാലിക/തിരിച്ചടയ്ക്കേണ്ടാത്ത വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി നിർബന്ധമായും പരിഗണിക്കേണ്ടതാണ്.

- 2012-13, 2013-14 വർഷങ്ങളിലെ ക്രെഡിറ്റ് കാർഡുകൾ 2015 ആഗസ്റ്റ് 15-ാം തീയതിക്കകം നിർബന്ധമായും വിതരണം ചെയതിരിക്കേണ്ടതാണ്. ഈ തീയതിയ്ക്ക് ശേഷം 2013-14 വരെയുള്ള ക്രെഡിറ്റ് കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് ഉൾപ്പെടുത്താതെ സമർപ്പിക്കുന്ന താൽക്കാലിക/ തിരിച്ചടയ്ക്കേണ്ടാത്ത വായ്പയുടെ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- 2015 ആഗസ്റ്റ് 15 ന് മുമ്പ് കെ.എ.എസ്.ഇ.പി.എഫിൽ നിന്നും താൽക്കാലിക/ തിരിച്ചടയ്ക്കേണ്ടാത്ത വായ്പയ്ക്ക് അപേക്ഷിക്കുന്നവർ അവസാനം ലഭിച്ച 3 ക്രെഡിറ്റ് കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണമെന്നും 2015 ആഗസ്റ്റ് 15 നുശേഷം മേൽപറഞ്ഞ വായ്പകൾക്ക് അപേക്ഷിക്കുമ്പോൾ 2011-12, 2012-13 വർഷങ്ങളിലെ ക്രെഡിറ്റ് കാർഡുകകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർബന്ധമായും ഉൾപ്പെടുത്തണമെന്നും എയ്ഡഡ് സ്ക്കൂൾ ജീവനക്കാരെ അറിയിക്കേണ്ടതാണ്.
- കെ.എ.എസ്.ഇ.പി.എഫിൽ നിന്നും താൽക്കാലിക/ തിരിച്ചയ്ക്കേണ്ടാത്ത വായ്പകൾക്ക് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ അപേക്ഷകൾ ലഭിക്കുമ്പോൾ പെൻ നമ്പർ, വിരമിക്കൽ തീയതി, ആകെ സേവന കാലം, അവസാനം ലഭിച്ച 3 ക്രെഡിറ്റ് കാർഡുകളുടെ ശരിപർപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചശേഷം, ഇവ ഉണ്ടെങ്കിൽ മാത്രം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അപേക്ഷകൾ അയച്ചാൽ മതിയാകും. അല്ലാത്ത പക്ഷം അതാത് ഓഫീസുകളിൽ നിന്ന് ഉടനടി തിരിച്ചയയ്ക്കേണ്ടതാണ്.

- അവസാനം ലഭിച്ച ക്രെഡിറ്റ് കാർഡിന് ശേഷം താൽക്കാലിക/ തിരിച്ചടയ്ക്കേണ്ടാത്ത വായ്പ എടുത്തിട്ടുണ്ടെങ്കിൽ അതനുവദിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണമെന്ന് എയ്ഡഡ് സ്കൂൾജീവനക്കാരെ നിർബന്ധമായും അറിയിക്കേണ്ടതാണ്. ഉത്തരവുകൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷകൾ തിരിച്ചയയ്ക്കേണ്ടതാണ്.

(ഒപ്)
ബി.എസ്.ബെൻസ്
സീനിയർ ഫിനാൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

അംഗീകാരത്തോടെ//

സൂ(പ്രണ്ട്)

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
(എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി നൽകേണ്ടതാണ്)
2. എല്ലാ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർമാർക്കും

സി.എസ്/10/08